മലയാളം കവിതാരചന H.S.S (130)

വിഷയം - എളിമ                2162

## ഭൂമിയോളം താഴ്ന്നു. പിന്നെയോ?

വരികൾക്കിടയിൽപ്പെട്ട് ശ്വാസംമുട്ടി മരിച്ച
വാക്കുകളും,
അക്ഷരമാലകളിൽ കെട്ടിയിടാനാവാത്ത
അർത്ഥങ്ങളുമുള്ളിടം.

മാതേ വാക്കിലും നോക്കിലുമൊളിഞ്ഞിരിക്കുന്ന
ചതിയുടെ കണ്ണേറുകളെത്താത്തിടം

ഇവിടെ എല്ലാ ലോകമൂല്യങ്ങളും കാച്ചിക്കുറുക്കിയ
ജീവന്റെയുള്ളിൽ

ചുവരിലെ ഘടികാരസൂചികൾ നിലച്ചേതോ
നിമിഷത്തിൽ ഞാനുയിർക്കൊണ്ടു

ഗർഭത്തിൽ സ്വപ്നങ്ങൾക്കു ചിതകൂട്ടി
ദഹിക്കാത്ത ചിന്തകൾ ചിന്തേരിട്ടുമിനുക്കി
ജനിക്കും മുൻപുസ്തകങ്ങളിൽ
മനസ്സു സ്ഫുടം ചെയ്തുരുക്കി
കാത്തിരിക്കുന്ന ദുരിതങ്ങളുടെ മൂർച്ചയിൽ
പൊക്കിൾക്കൊടി വേരറുത്ത്

നൂറ്റാണ്ടുകളുടെ ജനിയും മൃതിയും കണ്ട
അശ്വത്ഥത്തിലെ അതേ കയറുകട്ടിലിൽ
ഞാൻ ജനിച്ചു

ഒരു പിള്ള വീഴുമുൻപേ കർമ്മഭൃത്യമനന്റെ
ഭാവിയും വിധിയും കുറിച്ചുവച്ചതിനോ

കണ്ണീർ ചുരത്തും മുല കുടിച്ച ബാല്യത്തിലേ
'പെണ്ണായാലെളിമ വേണം ഭൂമിയോളം താഴാൻ പഠിക്കണം'
എന്നു പറഞ്ഞമ്മയാദ്യത്തെ ഗുരുവായി

പിച്ചകമൊട്ടുകൾ മന്ത്രമുണ്ടായെനിക്കവയ്-
ക്കാദ്യത്തെ ദക്ഷിണ നൽകുവാൻ
പെരുവിരൽ ദക്ഷിണ നൽകിയ, ഏകലവ്യന്റെ
എളിമയില്ലെങ്കിലും

തിരികല്ലിൽ അടയ്ക്കാനുറുക്കവെ കൈ ചതഞ്ഞു
കരഞ്ഞപ്പോൾ മുത്ത്യമ്മ ചൊല്ലി 'അഹങ്കരിച്ചിട്ടാ'

അന്നുമുതൽക്കെളിമ' അന്വേഷിച്ചു
മനസു നീറ്റിയെ കണ്ടതില്ലെങ്ങുമേ

പത്താം തരത്തിലെ മിസ്സു പറഞ്ഞറിഞ്ഞു
ഒരു കരണത്തടിക്കുമ്പോൾ മറുകരണം
കാട്ടിക്കൊടുക്കുന്നതാണെളിമയെന്ന്

ചിതലരിച്ചു കറുത്ത കഥകൾ കേട്ട
വൃദ്ധ മന്ദിരത്തിൽ അമ്മയെ
ചേച്ചിമാർ പറഞ്ഞറിഞ്ഞു,
നാവിൽ നിന്നു നാവിലേക്കൊഴുകുന്ന
പരദൂഷണത്തിന്റെ വഴുവഴുപ്പിൽ

ചവിട്ടാതെ നടക്കുന്നതാണെളിമയെന്ന്
അന്നുമുതൽതന്നെ ഞാൻ സ്വയമറിയാതെ
പഠിച്ചു തുടങ്ങി ഭൂമിയോളം താഴാൻ

സ്വയം അടുക്കളച്ചട്ടത്തിലടച്ചു പതുങ്ങുമ്പോഴു
പുകയടുപ്പൂതി കണ്ണു നിറയ്ക്കുമ്പോഴും
ദഹിക്കാത്ത ചോദ്യങ്ങൾ തീയടുപ്പിൽ
കത്താതെ കിടന്നു

എന്നാലെവിടെയുണ്ടെളിമ ? ആരിലുണ്ടെളിമ ?
വയസ്സറിയിച്ചൊരടിയാത്തിപ്പെണ്ണിന്റെ വയറു
ചവിട്ടിക്കലക്കിയ ജന്മിയിലോ ?

അഹങ്കാരങ്ങളുടെ ബീജം വിതയ്ക്കാൻ
വക്കുപൊട്ടിയ മൺചട്ടികൾ തേടുന്നവരിലോ

എളിമയുടെ നാനാർത്ഥമായ മഹാത്മാവിനെ
വിറ്റു കീശ നിറയ്ക്കുന്നവരിലോ

അന്തികഴിഞ്ഞു നിരത്തിലൊറ്റയ്ക്കാവുമ്പോഴും
ഒരായിരം കണ്ണുകളുടെ കൂർത്ത മുനകൾ
കൊള്ളുമ്പോഴും.
ലോകത്തിന്റെയെല്ലാ നെറികേടുകൾക്കും
മീതെ വീശിയടിക്കാൻ വെമ്പുമ്പോഴും

അമ്മ പറഞ്ഞ 'പെണ്ണിന്ന് എളിമ'
എന്റെ എല്ലാ നാഡികൾക്കും കൂച്ചുവിലങ്ങിട്ടു.

എളിമയെന്നു ഞാൻ ധരിച്ചവയൊക്കെ
എന്നെ നിശബ്ദയാക്കി വെറുമൊരുഉത്തമ
ഞാനിന്ന് ഇരയാണ് വ്യക്തിത്വം നഷ്ടപ്പെട്ടവൾ
പാഞ്ഞുപോകുന്ന തീവണ്ടിയിലിരുന്നി ലോകം
എന്നെ നോക്കി പല്ലിളിക്കുന്നു (കഷ്ടം)

ഈ നാടകത്തിനു തിരശ്ശീല വീഴുമ്പോൾ
ഞാനാടിയ വേഷങ്ങൾ.
കുന്തിയോ, പാഞ്ചാലിയോ. വാസവദത്തയോ
വൈദേഹിയോ ?
ആരായാലും സ്വന്തം പുറന്തോടിനുള്ളിൽ
ശ്വാസംമുട്ടിമരിച്ചവളാണ്.

ഒരു പരിഭവമേ ബാക്കിയുള്ളൂ.
അന്ന് ഭൂമിയോളം താഴാൻ പറഞ്ഞപ്പോൾ
അതുകഴിഞ്ഞെന്തെന്ന് അമ്മ പറഞ്ഞില്ല
മറന്നുപോയതാവും